ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:02.08.2024**

## പ്രധാനവാർത്തകൾ

1. വയനാട്ടിൽ ഉരുൾപൊട്ടലുണ്ടായ പ്രദേശത്തുനിന്ന് നാല് പേരെ കൂടി ഇന്ന് രക്ഷപ്പെടുത്തി . കാണാതായവർക്കായി തെരച്ചിൽ ഊർജിതം .

2. ഉരുൾപൊട്ടൽ നടന്ന മുണ്ടക്കൈ, ചൂരൽമല പ്രദേശങ്ങൾ അതിജീവനത്തിൻറെ പാതയിൽ . ദുരിതബാധിതർക്ക് ആവശ്യമായ സഹായം ഉറപ്പുവരുത്തി സർക്കാർ.

3. സംസ്ഥാനത്ത് ഇന്നും ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് . മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.

4. ഗവർണർമാരുടെ ദ്വിദിന സമ്മേളനത്തിന് രാഷ്ട്രപതി ഭവനിൽ തുടക്കം.

5. പാരിസ് ഒളിംപിക്സിൽ മെഡൽ പ്രതീക്ഷയുമായി ഷൂട്ടിംഗിൽ മനു ഭാക്കറും ഇഷ സിംഗും ഇന്നിറങ്ങും.

6. ഇന്ത്യ - ശ്രീലങ്ക ക്രിക്കറ്റ് ഏകദിന പരമ്പരയ്ക്ക് ഇന്ന് ശ്രീലങ്കയിൽ തുടക്കം.

*******************************

PNU TVPM

## വയനാട് - ജനറൽ

വയനാട്ടിലെ ഉരുൾപൊട്ടൽ നടന്ന മേഖലയിൽ നിന്ന് നാല് പേരെ കൂടി ഇന്ന് രക്ഷപ്പെടുത്തി. പടവെട്ടിക്കുന്നിൽ നിന്ന് സൈന്യമാണ് രണ്ട് സ്ത്രീകളെയും രണ്ട് പുരുഷന്മാരെയും കണ്ടെത്തിയത്. ദുരന്തം നടന്ന നാലാംദിനം പിന്നിടുമ്പോഴാണ് ഇവരെ രക്ഷപ്പെടുത്തിയത്. അതേസമയം, മരണസംഖ്യ 300 കടന്നതായാണ് റിപ്പോർട്ടുകൾ. 98 മൃതദേഹങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്. 200-ലധികം പേരെയാണ് ഇനി കണ്ടെത്താനുള്ളത്. രണ്ടായിരത്തോളം പേരെ രക്ഷപ്പെടുത്തി. മലപ്പുറത്തെ ചാലിയാറിലും മൃതദേഹങ്ങൾക്കായുള്ള തെരച്ചിൽ തുടരുകയാണ്. നദിയിൽ നിന്നും മുഴുവൻ മൃതദേഹങ്ങളും കണ്ടെത്തുന്നതുവരെ തെരച്ചിൽ തുടരുമെന്ന് മന്ത്രി പി പ്രസാദ് നിലമ്പൂരിൽ പറഞ്ഞു.

PNU TVPM

**********************************

## വയനാട് - തെരച്ചിൽ... ഇൻട്രോ

വയനാട്ടിലെ ഉരുൾപൊട്ടൽ നടന്നിട്ട് നാല് ദിവസം പിന്നിടുമ്പോൾ, മുണ്ടക്കൈ, ചൂരൽമല മേഖലകളിൽ ഇനി അതിജീവനത്തിൻ്റെ നാളുകൾ. 91 ദുരിതാശ്വാസ ക്യാമ്പുകളിലായി 9,000-ലധികം ആളുകളാണ് നിലവിൽ ഉള്ളതെന്നാണ് റിപ്പോർട്ട്. കാണാതായവർക്കായുള്ള തെരച്ചിൽ തുടരുകയാണ്. **വിശദാംശങ്ങളിലേയ്ക്ക് ............**

(വോയ്സ്)

പ്രദേശത്തെ ആറ് മേഖലകളായി തിരിച്ചാണ് നിലവിൽ തെരച്ചിൽ നടത്തുന്നത്. 40 സംഘങ്ങളിലായി 1,500-ലധികം രക്ഷാപ്രവർത്തകർ ഇവിടെയുണ്ട്. വിവിധ സേനാവിഭാഗങ്ങളുടെ സംയുക്ത സംഘത്തോടൊപ്പം നാട്ടുകാരും സന്നദ്ധപ്രവർത്തരും

തെരച്ചിലിൽ പങ്കാളികളാണ്. ഉരുൾപൊട്ടൽ തുടങ്ങിയ ഇടം മുതൽ കോഴിക്കോട് ജില്ലവരെ പ്രശ്നബാധിത പ്രദേശങ്ങളിലെ പൊലീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് തെരച്ചിൽ നടത്തുമെന്ന് എഡിജിപി, എം.ആർ അജിത് കുമാർ പറഞ്ഞു. ഡൽഹിയിൽ നിന്നും ഡ്രോൺ ബേസ്ഡ് റഡാർ നാളെ ചൂരൽമലയിൽ എത്തിക്കും. ദുരിതത്തിലായ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം പുനരാരംഭിക്കാൻ നടപടികൾ സ്വീകരിക്കുമെന്ന് മുഖ്യമന്ത്രി അറിയിച്ചിരുന്നു. ദുരന്തത്തിൽ നിന്ന് ജീവിതത്തിലേയ്ക്ക് തിരികെയെത്തിവർക്ക് മാനസിക പിന്തുണ നല്കാൻ സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുകയാണ് സർക്കാർ. ഉരുൾപൊട്ടി തകർന്ന ജീവിതങ്ങൾ തിരികെപിടിക്കാൻ നാടുമുഴുവൻ ഒറ്റക്കെട്ടായാണ് പ്രവർത്തിക്കുന്നത്. ന്യൂസ് ഡസ്ക്, ആകാശവാണി.

*******************************************

PNUTVPM

<u>മുഖ്യമന്ത്രി - ദുരിതാശ്വാസ നിധി</u>

വയനാട് ഉരുൾപൊട്ടൽ ദുരന്ത ബാധിതർക്കുള്ള സഹായമായി, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് കഴിയുന്നവരെല്ലാം സംഭാവന നൽകണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അഭ്യർത്ഥിച്ചു. ദുരിതാശ്വാസ നിധിയിലേക്ക് വിവിധ സംഘടനകൾ, സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവർ സംഭാവന നൽകി. സംസ്ഥാനത്തെ എല്ലാ മന്ത്രിമാരും ഒരു മാസത്തെ ശമ്പളം ദുരിതാശ്വാസനിധിയിലേക്ക് സംഭാവന നൽകും.

*******************************************

<u>ടോൾ ഫ്രീ നമ്പർ</u>

വയനാട്ടിലേക്ക് അവശ്യസാധനങ്ങൾ എത്തിക്കുന്നതുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾക്ക് കൺട്രോൾ റൂം നമ്പറായ

1077 ൽ വിളിക്കേണ്ടതാണ്. ദുരന്ത നിവാരണ അതോറിറ്റി അറിയിക്കുന്നതിന് അനുസരിച്ച് മാത്രമേ സാധനങ്ങൾ എത്തിക്കേണ്ടതുള്ളൂ. ദുരിതത്തിലായ കുട്ടികൾക്ക് മാനസിക പിന്തുണയ്ക്കായി വനിതാ ശിശു വികസന വകുപ്പിന്റെ ടോൾഫ്രീ നമ്പറായ 1098 ൽ ബന്ധപ്പെടാം. ആരോഗ്യ വകുപ്പിന്റെ ടെലിമനസ് സേവനവും 24 മണിക്കൂറും ലഭ്യമാണ്. 14416 എന്നതാണ് ടെലിമനസ് ടോൾഫ്രീ നമ്പർ.

********************************

## ബൈഡൻ - അനുശോചനം

വയനാട്ടിലെ ഉരുൾപൊട്ടലിൽ അമേരിക്കൻ പ്രസിഡൻ്റ് ജോ ബൈഡൻ അഗാധമായ ദുഃഖം രേഖപ്പെടുത്തി. ഇന്നലെ പുറത്തിറക്കിയ പ്രസ്താവനയിൽ തൻ്റെയും ഭാര്യയുടെയും അനുശോചനം ബൈഡൻ അറിയിച്ചു .ദാരുണ സംഭവത്തിൽ പ്രിയപ്പെട്ടവരെ നഷ്ടപ്പെട്ട എല്ലാവരുടെയും ദുഃഖത്തിൽ പങ്കുചേരുന്നെന്ന് അദ്ദേഹം പറഞ്ഞു.

RNU TVPM

********************************

## മഴ- സംസ്ഥാനം

സംസ്ഥാനത്ത് ഇന്നും ശക്തമായ മഴ തുടരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത നൽകി. ഉരുൾപൊട്ടൽ സാധ്യതയുള്ള സ്ഥലങ്ങളിൽ നിന്ന് മാറി താമസിക്കണമെന്ന് നിർദ്ദേശമുണ്ട്. കേരള - ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

********************************

## കോഴിക്കോട് -- മഴ(ഇൻട്രോ)

കോഴിക്കോട് ജില്ലയിൽ മഴയുടെ ശക്തി കുറഞ്ഞു. നാല് താലൂക്കുകളിൽ ആരംഭിച്ച 80 ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നത് 4,481 പേരാണ് . ചില കുടുംബങ്ങൾ വീടുകളിലേക്ക് പോയതിനെ തുടർന്ന് 10 ക്യാമ്പുകൾ ഒഴിവാക്കി. ഉരുൾപൊട്ടൽ മേഖലയായ വിലങ്ങാടിൽ ഭൂരിഭാഗം കുടുംബങ്ങളെയും ബന്ധുവീടുകളിലേക്ക് മാറി. മൂന്ന് കുടുംബങ്ങളെ സ്കൂളുകളിലേക്കും മാറ്റി പാർപ്പിച്ചു. **വിശദാംശങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാപ്രതിനിധി നസിർ ബാബു.**

(വോയ്സ്)

*******************************

## കണ്ണൂർ - മഴ

കഴിഞ്ഞ ദിവസങ്ങളിൽ പെയ്ത മഴയിലും ശക്തമായി വീശിയടിച്ച കാറ്റിലും കണ്ണൂർ ജില്ലയിൽ വലിയ തോതിലുള്ള നാശനഷ്ടമാണുണ്ടായത്. നിരവധി വീടുകൾ തകർന്നു. ജൂൺ മുതലുള്ള കണക്കുകൾ പ്രകാരം 36 വീടുകൾ പൂർണ്ണമായും 1084 വീടുകൾ ഭാഗികമായും തകർന്നിട്ടുണ്ട്. ഇന്നലെ മാത്രം 3 മൂന്ന് വീടുകൾ പുർണ്ണമായും 33 വീടുകൾ ഭാഗികമായും തകർന്നു. 10 ക്യാമ്പുകളായി 129 കുടുംബങ്ങളിലെ 785 പേർ കഴിയുന്നുണ്ട്. കഴിഞ്ഞ ഒരാഴ്ചക്കിടെ 16 കോടിയുടെ കൃഷി നാശവും ഉണ്ടായി.

*******************************

## പാലക്കാട് - മഴ (ഇൻട്രോ)

പാലക്കാട് ജില്ലയിൽ മഴയുടെ ശക്തി കുറഞ്ഞെങ്കിലും ജാഗ്രത തുടരാനാണ് ജില്ലാ ഭരണകൂടത്തിന്റെ നിർദ്ദേശം. നെല്ലിയാമ്പതി

RNU TVPM

ചുരം റോഡിലെ തടസ്സങ്ങൾ നീക്കുന്നത് അവസാന ഘട്ടത്തിലാണ്. **കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്....**

(വോയ്സ്)

******************************

## ഇടുക്കി - മഴ

ഇടുക്കിയിലെ ആദിവാസി ഗ്രാമമായ ഇടമലക്കുടിയിൽ കനത്ത മഴ നാശം വിതച്ചു. പഞ്ചായത്ത് ആസ്ഥാനമായ സൊസൈറ്റിക്കുടിയിലേക്കുള്ള റോഡ് ഗതാഗതം തടസപ്പെട്ടു. ജെ.സി.ബി സ്ഥലത്തെത്തിച്ച് പിന്നീട് ഗതാഗതം പുനഃസ്ഥാപിച്ചു.

******************************

RNU TVPM

## പ്രധാനമന്ത്രി - ഉത്തരാഖണ്ഡ്

ഉത്തരാഖണ്ഡിൽ കനത്ത മഴയെത്തുടർന്നുണ്ടായ ദുരന്തത്തിൽ വ്യോമസേനയുടെ നേതൃത്വത്തിൽ രക്ഷാപ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. രക്ഷാപ്രവർത്തനത്തിനായി വ്യോമസേനയുടെ ചിനൂക്ക്, എംഐ-17 ഹെലികോപ്റ്ററുകൾ വിന്യസിച്ചിട്ടുണ്ട്. സ്ഥിതിഗതികൾ പ്രധാനമന്ത്രി നരേന്ദ്ര മോദി സൂക്ഷ്മമായി നിരീക്ഷിച്ചുവരികയാണ്. ദുരന്തം നേരിടാൻ സംസ്ഥാനത്തിന് പ്രധാനമന്ത്രിയുടെ ഓഫീസ് പൂർണ പിന്തുണ ഉറപ്പ് നൽകി.

******************************

## രാഷ്ട്രപതി-ദ്വിദിന സമ്മേളനം

ഗവർണർമാരുടെ ദ്വിദിന സമ്മേളനത്തിന് രാഷ്ട്രപതി ഭവനിൽ തുടക്കം. രാഷ്ട്രപതി ദ്രൗപദി മുർമു അധ്യക്ഷത വഹിക്കും . രാഷ്ട്രപതിയുടെ അധ്യക്ഷതയിൽ ചേരുന്ന ഗവർണർമാരുടെ ആദ്യ

സമ്മേളനമാണിത്. സമ്മേളനത്തിൽ എല്ലാ സംസ്ഥാനങ്ങളിലെയും ഗവർണർമാർ പങ്കെടുക്കുന്നുണ്ട്. ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ, പ്രധാനമന്ത്രി നരേന്ദ്ര മോദി, കേന്ദ്രമന്ത്രിമാർ എന്നിവരും സമ്മേളനത്തിൽ പങ്കെടുക്കും. ക്രിമിനൽ നിയമങ്ങൾ നടപ്പാക്കൽ, ഉന്നതവിദ്യാഭ്യാസത്തിലെ പരിഷ്കാരങ്ങൾ, എന്നിവയുൾപ്പെടെ നിരവധി സുപ്രധാന വിഷയങ്ങൾ ചർച്ച ചെയ്യും.

*******************************

## പാരിസ് ഒളിമ്പിക്സ്

പാരിസ് ഒളിംപിക്സിൽ മെഡൽ പ്രതീക്ഷയുമായി ഷൂട്ടിംഗിൽ മനു ഭാക്കറും ഇഷ സിംഗും ഇന്നിറങ്ങും. പുരുഷ ബാഡ്മിന്റൺ ക്വാർട്ടറിൽ ലക്ഷ്യ സെന്നും ഇന്ന് കളത്തിലിറങ്ങും. ഹോക്കിയിൽ അവസാന ഗ്രൂപ്പ് മത്സരത്തിൽ ഇന്ത്യ ഇന്ന് ഓസ്ട്രേലിയയെ നേരിടും. തുഴച്ചിലിൽ ബൽരാജ് പൻവാർ ഫൈനൽ ഡിയിൽ മത്സരത്തിനിറങ്ങുന്നുണ്ട്. ഇന്ത്യക്ക് ഇതുവരെ മൂന്ന് മെഡലുകളാണ് നേടാനായിട്ടുള്ളത്.

RNU TVPM

*******************************

## ക്രിക്കറ്റ്

ഇന്ത്യയും ശ്രീലങ്കയും തമ്മിലുള്ള ഏകദിന പരമ്പരയിലെ ആദ്യ മത്സരം ഇന്ന്. കൊളംബോയിലെ ആർ പ്രേമദാസ സ്റ്റേഡിയത്തിൽ ഉച്ച കഴിഞ്ഞ് 2.30 നാണ് മത്സരം. മൂന്ന് മത്സരങ്ങളാണ് പരമ്പരയിലുള്ളത്. നേരത്തെ, ശ്രീലങ്കയ്ക്കെതിരെ നടന്ന ട്വന്റി- 20 പരമ്പര 3-0ന് ഇന്ത്യ സ്വന്തമാക്കിയിരുന്നു.

*******************************

## കർക്കടക വാവുബലി

കർക്കടക വാവുബലിയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ഒരുക്കങ്ങൾ പൂർത്തിയായി. മോശം കാലാവസ്ഥയുടെ

പശ്ചാത്തലത്തിൽ ബലിതർപ്പണ കേന്ദ്രങ്ങളിൽ സുരക്ഷിതമായ ബലിതർപ്പണം നടത്തുന്നതിനുള്ള എല്ലാവിധ സജ്ജീകരണങ്ങളും ഒരുക്കിയിട്ടുണ്ട്. ആലുവ മണപ്പുറം, തിരുവല്ലം, ശംഖുമുഖം, വർക്കല, തുടങ്ങിയ പ്രധാന കേന്ദ്രങ്ങളിൽ ബലിതർപ്പണ ചടങ്ങുകൾക്കുള്ള ക്രമീകരണം അവസാനഘട്ടത്തിലാണ്.

********************************

## വിമാന സർവ്വീസ്

കോഴിക്കോട് വിമാനത്താവളത്തിന്റെ ചരിത്രത്തിലാദ്യമായി കോലാലംപൂർ -കോഴിക്കോട് സർവീസിന് തുടക്കമായി. എയർ ഏഷ്യ വിമാനമാണ് സർവീസ് ആരംഭിച്ചത്. ചൊവ്വ, വ്യാഴം, ശനി ദിവസങ്ങളിൽ കോലലംപുരിൽനിന്ന് കോഴിക്കോട്ടേക്കും ബുധൻ, വെള്ളി, ഞായർ ദിവസങ്ങളിൽ കോഴിക്കോട്ടുനിന്നു കോലലംപുരിലേക്കുമാണ് സർവീസ്.

RNU TVPM

********************************

## ട്രെയിൻ അപകടം

സ്റ്റോപ്പ് ഇല്ലാത്ത സ്റ്റേഷനിൽ ഇറങ്ങാനുള്ള ശ്രമത്തിനിടെ, തീവണ്ടിക്ക് അടിയിലേക്ക് തെറിച്ചുവീണ് യുവാവിന് മരിച്ചു. കോട്ടയത്തെ ഏറ്റുമാനൂർ സ്റ്റേഷനിൽ ഇന്ന് രാവിലെയാണ് സംഭവം. ചെന്നൈ മെയിൽ ഏറ്റുമാനൂർ സ്റ്റേഷനിൽ എത്തിയപ്പോൾ വേഗത കുറച്ച സമയത്താണ് യാത്രക്കാരൻ തീവണ്ടിയിൽ നിന്നും ഇറങ്ങാൻ ശ്രമിച്ചത്. യാതക്കാരനെ തിരിച്ചറിഞ്ഞിട്ടില്ല .

**************************************************************************************